**പതിമൂന്നാം കേരള നിയമസഭ ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3759**

**25.06.2013 ലെ മറുപടിക്ക്**

## <u>നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്</u>

**ചോദ്യം**

**ശ്രീ.എ.എം.ആരിഫ് എം.എൽ.എ**

**ഉത്തരം**

**ശ്രീ.കെ.എം.മാണി**

(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് പദ്ധതി നടപ്പിലാക്കാൻ വന്ന കാലതാമസം കാരണം ഈ സർക്കാരിന്റെ 3 വർഷ കാലത്തേക്ക് മാത്രമേ 5 കോടി വീതമുള്ള തുകയുടെ ശുപാർശ നിർവ്വഹിക്കാനാവുകയുള്ളു എന്ന് വിലയിരുത്തിയിട്ടു ണ്ടോ? | 2012-13 വർഷത്തിലാണ് എം.എൽ.എ. മാർക്കുള്ള ആസ്തി വികസന ഫണ്ടിനു തുടക്കമിട്ടത്. 5 കോടി രൂപയാണ് ഓരോ എം.എൽ.എ.യ്ക്കും മണ്ഡല വികസനത്തിനായി വകയിരുത്തി യിട്ടുള്ളത്. അതിൻപ്രകാരം ഓരോ എം.എൽ.എ.യ്ക്കും അവരവരുടെ നിയോജകമണ്ഡലത്തിൽ 25 ലക്ഷം രൂപയിൽ കുറയാത്ത 15 പ്രവൃത്തികൾ ഒരു സാമ്പത്തിക വർഷത്തിൽ നിർദ്ദേശിക്കാവുന്നതാണ്. <br> 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലേക്കായി ഓരോ നിയോജക മണ്ഡലത്തിനും 5 കോടി രൂപ വകയിരുത്തുന്നതാണ്. നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇതിൽക്കവിഞ്ഞ വിഹിതം വകയിരുത്താൻ നിർവാഹമില്ല. |
| (ബി | 2016 ലെ ശുപാർശകൾ നടപ്പിലാക്കാൻ കഴിയാത്തവിധം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട നിബന്ധനകൾ വരും എന്ന് കണക്കാക്കിയിട്ടുണ്ടോ? | |
| (സി) | ബജറ്റ് പ്രഖ്യാപനം 25 കോടി എന്ന നിർദ്ദേശം നടപ്പിലാക്കാൻ അടുത്ത വർഷത്തെ ശുപാർശകളോടൊപ്പം 15 കോടിയുടെ ശുപാർശകൾ സമർപ്പിക്കാൻ എം.എൽ.എ.മാർക്ക് അനുവാദം നൽകുമോ; അല്ലായെങ്കിൽ ഈ വർഷവും അടുത്ത വർഷവും 10 കോടി രൂപയുടെ വീതം ശുപാർശ നൽകാൻ അനുവദിക്കുമോ ; | |
| (ഡി) | അല്ലാത്തപക്ഷം മണ്ഡലങ്ങളിൽ 15 കോടിരൂപയുടെ വികസന പ്രവർത്തനങ്ങളേ നടക്കുകയുള്ളു എന്ന പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | |

**സെക്ഷൻ ഓഫീസർ**